**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2540** **12-10-2021 - ൽ മറുപടിയ്ക്ക്**

**കൽപ്പറ്റ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | 2016-21 കാലയളവിൽ കൽപ്പറ്റ നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | 2016-21 കാലയളവിൽ കൽപ്പറ്റ മണ്ഡലത്തിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ താഴെ പറയുന്നു. 1. 33 കെ.വി കൽപ്പറ്റ സബ്സ്റ്റേഷൻ : നിലവിലുള്ള 33/11 കെ.വി 5 എം.വി.എ ട്രാൻസ്ഫോർമർ മാറ്റി 8 എം.വി.എ ട്രാൻസ്ഫോർമർ സ്ഥാപിച്ചു. കൺട്രോൾ റൂം നവീകരിച്ച് ഒ.ഡി.സി (ഔട്ട് ഡോർ ക്യൂബിക്കിൾ) പാനൽ മാറ്റി 11 കെ.വി 10 പാനൽ ഇൻഡോർ ക്യൂബിക്കിൾ സ്ഥാപിച്ചു. 2. 220 കെ.വി സബ്സ്റ്റേഷൻ കണിയാമ്പറ്റ : 11 കെ.വി 10 പാനൽ സെറ്റ് മാറ്റി സ്ഥാപിച്ചു. 3. 66 കെ.വി കുത്തുമുണ്ട സബ്സ്റ്റേഷൻ: ശേഷി ഉയർത്തുന്നതിന്റെ ഭാഗമായി താത്ക്കാലിക കൺട്രോൾ റൂം നിർമ്മിച്ചു. ഒ.ഡി.സി (ഔട്ട് ഡോർ ക്യൂബിക്കിൾ) ഇൻഡോർ 10 പാനൽ സെറ്റ് ആക്കി മാറ്റി. 4. 66 കെ.വി കണിയാമ്പറ്റ : കുത്തുമുണ്ട സിംഗിൾ സർക്യൂട്ട് ലൈൻ 110 കെ.വി ഡബിൾ സർക്യൂട്ട് ലൈൻ ആക്കി മാറ്റി ശേഷി ഉയർത്തലും 220 കെ.വി സബ്സ്റ്റേഷൻ കണിയാമ്പറ്റയിൽ ഒരു ബേ നിർമ്മാണവും. 5. 220 കെ.വി സബ്സ്റ്റേഷൻ കണിയാമ്പറ്റ : നിലവിലുള്ള 6.3 എം.വി.എ ട്രാൻസ്ഫോർമർ 10 എം.വി.എ ആക്കി ഉയർത്തി. 6. 66 കെ.വി സബ്സ്റ്റേഷൻ കുത്തുമുണ്ട : പുതിയ 110 കെ.വി ബേ നിർമ്മിച്ചു. 2016-21 കാലയളവിൽ കൽപ്പറ്റ നിയോജകമണ്ഡലത്തിൽ ആകെ 21.95 കോടി രൂപക്കുള്ള വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിരുന്നു. 82.61 കി.മീ 11 കെ.വി ലൈൻ വലിക്കുകയും, 15.21 കി.മീ ഭൂഗർഭ കേബിൾ സ്ഥാപിക്കുകയും, 211.23 കി.മീ ലോ ടെൻഷൻ ലൈൻ വലിക്കുകയും, 68 എണ്ണം ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇതു കൂടാതെ 12814 വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. ഇതിനു പുറമെ പ്രസ്തുത കാലയളവിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി 4545 വൈദ്യുതി |

| | | | |
|---|---|---|---|
| | | | കണക്ഷൻ നൽകുകയും, 90.643 കി.മീ ലോ ടെൻഷൻ ലൈൻ വലിക്കുകയും, 3.37 കി.മീ 11 കെ.വി ലൈൻ വലിക്കുകയും, 3എണ്ണം ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും, ആകെ 349.169 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടിണ്ട് |
| (ബി) | 2021-22 ൽ കൽപ്പറ്റ മണ്ഡലത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നതും നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | 1. 66 കെ.വി സബ്സ്റ്റേഷൻ കുത്തുമുണ്ട, 110 കെ.വി ആയി ഉയർത്തുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 2. പടിഞ്ഞാറേത്തറ 33 കെ.വി സബ്സ്റ്റേഷനിൽ പുതിയ കൺട്രോൾ റൂം നിർമ്മാണം, 10 പാനൽ സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി ഒഴികെ, ബാക്കി എല്ലാ ജോലികളും പൂർത്തിയായി. 3. കൽപ്പറ്റയിൽ നിർമ്മിക്കുന്ന പുതിയ വൈദ്യുതിഭവനോട് ചേർന്ന് പുതിയ 110 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കാനാവശ്യ മായ സാങ്കേതിക പഠനം നടന്നുവരിക യാണ്. 4. നിലവിലെ 220/66 കെ.വി കണിയാമ്പറ്റ സബ്സ്റ്റേഷന്റെ ശേഷി 220/110 കെ.വി ആയി ഉയർത്തുന്ന പദ്ധതിയുടെ ഡി.പി.ആർ-ന് ബോർഡ് അനുമതി നൽകുകയും ഭരണാനുമതിയ്ക്കായി നടപടികൾ എടുത്തുവരികയുമാണ്. കൽപ്പറ്റ നിയോജകമണ്ഡലത്തിൽ 2021-22 കാലയളവിൽ നടപ്പിലാക്കിയതും, നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതുമായി 7.75കോടി രൂപയുടെ പ്രവൃത്തികളുടെ വിശദംശങ്ങൾ ചുവടെ ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

Annexure - B

| | പ്രവൃത്തി | പൂർത്തീക രിച്ചത് | പൂർത്തിയാക്കാനുള്ളത് |
|---|---|---|---|
| 1 | 11 കെ.വി ലൈൻ വലിക്കൽ (കി.മീ ) | 15.37 | 57.5 |
| 2 | ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ (എണ്ണം) | 5 | 14 |
| 3 | AB സ്വിച്ച് സ്ഥാപിക്കൽ (എണ്ണം) | 22 | 82 |
| 4 | ലൈൻ നവീകരണം (കി.മീ ) | 82..2 | 121 |
| 5 | ലോ ടെൻഷൻ ലൈൻ വലിക്കൽ (കി.മീ ) | 6.15 | 13.13 |
| 6 | ലോ ടെൻഷൻ ലൈൻ കൺവെർഷൻ (കി.മീ ) | 8.055 | 13.12 |
| 7 | 11 kV ABC ലൈൻ വലിക്കൽ (കി.മീ ) | 0 | 2 |
| 8 | ഇലക്ട്രിക്ക് പോസ്റ്റ് സ്ഥാപിക്കൽ (എണ്ണം) | 80 | 0 |